**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *12 28-05-2019 -ൽ മറുപടിക്ക്

## പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.അടൂർ പ്രകാശ്<br>ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** |
| എ) | സംസ്ഥാനത്ത് പ്രളയദുരന്തത്തിന് ഇരയായവർക്ക്സമയബന്ധിതമായി ആശ്വാസ നടപടികൾ എത്തിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ; | എ) | അത്തരം ഒരു ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടില്ല. |
| ബി) | പ്രളയം കഴിഞ്ഞ് ഒമ്പത് മാസമായിട്ടും ദുരിതബാധിതർക്ക് പ്രഖ്യാപിച്ച 10,000 രൂപയുടെ ധനസഹായം പോലും അർഹതപ്പെട്ട പലർക്കും ലഭിച്ചിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ ലഭിച്ച പരാതികൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | ബി) | സംസ്ഥാന ദുരന്ത പ്രതികരണ നിധിയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയും ഉപയോഗിച്ച് 6,92,966 കുടുംബങ്ങൾക്ക് 10,000 രൂപയുടെ അടിയന്തര സഹായം നൽകിയിട്ടുണ്ട്. രണ്ട് ദിവസത്തിൽ കൂടുതൽ വീട്ടിൽ വെള്ളം കെട്ടിനിൽക്കുകയോ വീടിന് 15% വരെ നാശനഷ്ടം നേരിടുകയോ ചെയ്തവർക്കാണ് കേന്ദ്ര മാനദണ്ഡപ്രകാരം ഈ ആശ്വാസ ധനസഹായത്തിന് അർഹതയുള്ളത്. പ്രസ്തുത തുക ലഭിക്കുന്നതുമായി ബന്ധപ്പെട്ട് ദുരന്ത ബാധിതർക്ക് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ ആയത് സമർപ്പിക്കുന്നതിന് സർക്കാർ ആവശ്യമായ സാവകാശം അനുവദിച്ചിരുന്നു. വീടുകളുടെ നാശനഷ്ടം കണക്കാക്കിയതുമായി ബന്ധപ്പെട്ട് എന്തെങ്കിലും അക്ഷേപമുള്ള പക്ഷം ഡെപ്യൂട്ടി കളക്ടർ/ ADM-ന് അപേക്ഷ സമർപ്പിക്കുന്നതിനും അവരുടെ തീരുമാനത്തിൽ പരാതിയുള്ള പക്ഷം ജില്ലാകളക്ടർക്ക് നേരിട്ട് അപ്പീൽ സമർപ്പിക്കുന്നതിനുമുള്ള ഒരു പരാതി പരിഹാര സംവിധാനവും സർക്കാർ ഒരുക്കിയിരുന്നു. ഇപ്രകാരം പ്രളയ ദുരന്ത ബാധിതരുടെ ന്യായമായ പരാതികൾ പരിഹരിക്കുന്നതിന് സമയബന്ധിതവും സുതാര്യവുമായ നടപടികളാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത്. |

| | | | |
|---|---|---|---|
| സി) | പുനരധിവാസത്തിനും പുനർനിർമ്മാണത്തിനുമായി കേന്ദ്ര സർക്കാരിൽ നിന്നും ഇതിനകം ലഭിച്ച സഹായങ്ങൾ എന്തൊക്കെയാണ്; | സി) | കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്നും 2904.85 കോടി രൂപ ലഭിച്ചിട്ടുണ്ട്. പ്രളയവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന് 89540 മെട്രിക് ടൺ അരിയും 12000 കിലോ ലിറ്റർ മണ്ണെണ്ണയും സംസ്ഥാനത്തിന് നൽകുന്ന ദുരന്ത പ്രതികരണ നിധിയിൽ നിന്നും തുക ഈടാക്കും എന്ന വ്യവസ്ഥയോടെ അധികമായി കേന്ദ്രം അനുവദിച്ചിരുന്നു. പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ദുരന്തത്തിൽ മരണപ്പെട്ടവരുടെ കുടുംബത്തിന് 2 ലക്ഷം രൂപയും ഗുരുതരമായി പരിക്കേറ്റവർക്ക് 50,000/- രൂപയും പ്രഖ്യാപിച്ചിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ ഗ്രാമവികസന മന്ത്രാലയം അധികമായി 50 തൊഴിൽ ദിനങ്ങൾ 2018-2019 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുണ്ട്. സംസ്ഥാന ഹോർട്ടി കൾച്ചർ മിഷൻ ഡയറക്ടർ കേന്ദ്ര സർക്കാരിന് സമർപ്പിച്ച മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയിൻ കീഴിൽ ഹോർട്ടി കൾച്ചർ മേഖലയുടെ പുനരുദ്ധാരണത്തിനും കർഷകർക്ക് അധിക വരുമാനം ലഭിക്കുന്നതിനുമായി സമർപ്പിച്ച 9339.50 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. |
| ഡി) | പുനർനിർമ്മാണത്തിനായി ലോകബാങ്ക്, വിദേശരാജ്യങ്ങൾ എന്നിവിടങ്ങളിൽ നിന്നും ലഭിച്ച ധനസഹായത്തിന്റെ വിശദാംശം നൽകുമോ; | ഡി) | കേരള പുനർനിർമാണ പദ്ധതികൾക്കായി ലോകബാങ്കിൽനിന്ന് 5137.34 കോടി രൂപയുടെ(സംസ്ഥാന വിഹിതം ഉൾപ്പെടെ) വികസന നയവായ്പ (DPL), ജർമൻ ബാങ്കായ കെ.എഫ്.ഡബ്ല്യു-ൽ നിന്ന് 1458 കോടി രൂപ (സംസ്ഥാന വിഹിതം ഉൾപ്പെടെ) യുടെ വായ്പ എന്നിവ സംബന്ധിച്ച ധാരണപത്രം ഒപ്പിടുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. വായ്പയുടെ ആദ്യ ഗഡു ലഭ്യമാക്കുന്നതു സംബന്ധിച്ച മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തിവരുന്നു. |
| ഇ) | റീ-ബിൽഡ് കേരളയുടെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന പുനർനിർമ്മാണ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | ഇ) | ജനങ്ങൾക്ക് മെച്ചപ്പെട്ട ജീവിത സൗകര്യങ്ങൾ ഉറപ്പാക്കുവാനും ഭാവിയിലുണ്ടാകാനിടയുള്ള ദുരന്തങ്ങൾ അതിജീവിക്കുവാനുതകുന്ന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തിയും പരിസ്ഥിതി സൗഹാർദ്ദപരമായ രീതിയിൽ കേരള പുനർനിർമ്മാണവും പുനരുദ്ധാരണവും സാധ്യമാക്കുന്നതിനാണ് കേരള പുനർനിർമ്മാണ പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുള്ളത്. നീതിപൂർവ്വകവും നിഷ്പക്ഷവുമായ പുനരധിവാസ |

| | | | |
|---|---|---|---|
| | | | നടപടികൾ, ആസ്തി പരിപാലന ചട്ടക്കൂടുകളുടെ രൂപീകരണം, കാര്യക്ഷമത ഉറപ്പാക്കൽ, നടപടി ക്രമങ്ങളുടെ ലഘൂകരണം എന്നീ അടിസ്ഥാന സമീപനങ്ങൾ സ്വീകരിച്ചുകൊണ്ട് വിശദമായ പദ്ധതിരേഖയും നിർവ്വഹണ സമയക്രമവും നിശ്ചയിച്ച് സമയബന്ധിതമായ നിർവ്വഹണം ഉറപ്പാക്കുവാൻ ആകുന്ന ഏജൻസികൾ വഴി നടപ്പിലാക്കുക എന്നതാണ് റീബിൽഡ് കേരളാ ഇനിഷ്യേറ്റീവിന്റെ നിർവ്വഹണ സമീപനം. ഇത്തരത്തിലുള്ള പദ്ധതിരേഖകൾ തയ്യാറാക്കി വിവിധ ഫണ്ടിംഗ് ഏജൻസികൾക്ക് സമർപ്പിക്കുന്നതിനുള്ള നടപടികളാണ് റീബിൽഡ് കേരളാ ഇനിഷ്യയേറ്റീവ് നിലവിൽ ഏറ്റെടുത്തിട്ടുള്ളത്. കേരളത്തിന്റെ വികസനത്തിനും ജനങ്ങളുടെ ജീവിത ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുമായി നിലവിൽ സർക്കാർ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെ പൂരകമായി രൂപപ്പെടുത്തിയിട്ടുള്ള കേരള പുനർനിർമ്മാണ വികസന പരിപാടിക്ക് മന്ത്രിസഭ അംഗീകാരം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ